# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.348* 13.12.2018-ൽ മറുപടിയ്ക്ക്

**പ്രളയക്കെടുതി കാരണം നികുതി വരുമാനത്തിലുണ്ടായ കുറവ്**

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, സി.മമ്മൂട്ടി<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, ടി. വി. ഇബ്രാഹിം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയക്കെടുതികാരണം സംസ്ഥാന നികുതി വരുമാനത്തിൽ കുറവുണ്ടായത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് ഉണ്ടായത്; | (എ) | പ്രളയം പൊതുവെ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി മാസ ജി.എസ്.ടി വരുമാനം ഏകദേശം 650 കോടി രൂപയാണ്. പ്രളയത്തെത്തുടർന്ന് 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി നികുതിപിരിവ് 527.51 കോടി രൂപയും, 525.30 കോടി രൂപയുമാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യുവാൻ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു എന്ന് വ്യാപാരികൾ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് ജൂലൈ മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി ആഗസ്റ്റ് 20 ൽ നിന്ന് ഒക്ടോബർ 5 ആയും ആഗസ്റ്റ് മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി സെപ്റ്റംബർ 20 ൽ നിന്ന് ഒക്ടോബർ 10 ആയും ദീർഘിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബറിലെ എസ്.ജി.എസ്.ടി നികുതിപിരിവ് 793.50 കോടി ആണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി നികുതിപിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാവുകയുള്ളൂ. ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനാൽ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല. |
| (ബി) | ഇത് എപ്രകാരം മറികടക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | നികുതി വരുമാന വർദ്ധനവ് ലക്ഷ്യമാക്കി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നിയമം നടപ്പിലാക്കിയ സാഹചര്യത്തിൽ പഴയ നിയമങ്ങൾ പ്രകാരം തീർപ്പ് കല്പിക്കേണ്ട നികുതി നിർണ്ണയങ്ങൾ 2019 മാർച്ച് 31 ന് മുമ്പായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ